(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളും അതിന് അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച പദ്ധതികൾ, അതിന് അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. *

(ബി) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതി/വകുപ്പ് തിരിച്ചുള്ള കണക്കുകൾ മാത്രമേ സൂക്ഷിക്കുന്നുള്ളൂ. ജില്ല തിരിച്ചുള്ള, പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള, വിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളും അംഗീകരിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) 'ബി' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

അനധികൃത ചിട്ടി സ്ഥാപനങ്ങൾ

122 (2360) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് വകുപ്പിന്റെ ആസ്ഥാനത്ത് നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽനിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982-ന് വിധേയമായി തുടർ നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജ ചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിലയിരുത്തുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ, ഡി.ജി.പി.-യുടെ പ്രതിനിധി, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ രജിസ്ട്രാർ കൺവീനറും ജില്ലാ പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർ, സെയിൽസ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ, ചിട്ടി ഇൻസ്പെക്ടർ/ചിട്ടി ആഡിറ്റർ എന്നിവർ അംഗങ്ങളുമായി ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നിലവിൽ വന്നതിനുശേഷം പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് നിലവിൽ ചിട്ടി വിഭാഗം മേധാവിയായി അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് ചിട്ടി/ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്), ഒരു ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ, ഒരു ജൂനിയർ സൂപ്രണ്ട്, മൂന്ന് ക്ലാർക്കുമാർ എന്നീ ഉദ്യോഗസ്ഥരുണ്ട്. കൂടാതെ ചിട്ടി തർക്കപരിഹാരത്തിനായി 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിലെ 64-ാം വകുപ്പ് പ്രകാരം ഒരു ചിട്ടി ആർബിട്രേറ്ററെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന്റെ ആവശ്യകതയുള്ളതായി കരുതുന്നില്ല.